# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം9/1448/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 12/10/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുവല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം9/1448/2021 തീയ്യതി: 12/10/2021

## മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 23-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 24-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുള്ള എ.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അമീൻഫൈസൽ ടി.ടി ഓഡിറ്റർ(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി സക്കീന കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. അഹമ്മദ് സഗീർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് ഫൈസൽ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ. പ്രദീപൻ പി.കെ | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുഹമ്മദ് ഫൈസൽ എം | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. സ്വാബിർ നാലകത്ത് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. അബ്ദുൽ റഫീഖ്. ഒ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി. സൈഫുന്നീസ ടി.കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ആനിജ് കെ | വെറ്ററിനറി സർജൻ | 01-04-2019 | 12-08-2019 |
| ഡോ.ഇന്ദു കെ | വെറ്ററിനറി സർജൻ | 13-08-2019 | 31-03-2020 |
| ശ്രീമതി. ഷാനി ജസ്റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുമേഷ് വളരാടൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ അബ്ദുൾ നാസർ കെ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഹസ്ന സി എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബിനിത എം | അസിസ്റ്റന്റ് | 21-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |
| ശ്രീമതി അർച്ചന .സി.ജെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 20-07-2019 |

-

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.C.Abdulla (Audit Officer, On 29-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 29-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (എ).സി.ആർ. പ്രകാരം)<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: A.C.Abdulla (Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: A.C.Abdulla (Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-6 |
| 7 | വിവിധ ക്ഷേമ പദ്ധതികൾ<br>Written By: A.C.Abdulla (Audit Officer, On 29-08-2021)<br>Last Updated By: A.C.Abdulla (Audit Officer, On 29-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sakeena K (Auditor, On 29-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 29-08-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sakeena K (Auditor, On 29-08-2021)<br>Last Updated By: Sakeena K (Auditor, On 29-08-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-11 |
| 12 | തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് സംബന്ധിച്ച്<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: A.C.Abdulla (Audit Officer, On 10-09-2021) | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 28-09-2021) | 1-13 |
| 14 | വസ്തു നികുതി വിജ്ഞാപനം പുതുക്കിയില്ല<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-14 |
| 15 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-15 |
| 16 | കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.<br>Written By: Sakeena K (Auditor, On 08-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-16 |

| | | |
|---|---|---|
| 17 | ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല<br>Written By: A.C.Abdulla (Audit Officer, On 08-09-2021)<br>Last Updated By: A.C.Abdulla (Audit Officer, On 10-09-2021) | 1-17 |
| 18 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Santhosh.P.T (Asst. Audit Officer, On 09-09-2021)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 11-09-2021) | 1-18 |
| 19 | ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021) | 1-19 |
| 20 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-20 |
| 21 | കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-09-2021)<br>Last Updated By: Unni.P (Deputy Director, On 12-10-2021) | 1-21 |
| 22 | തെരുവ് വിളക്ക് - രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: A.C.Abdulla (Audit Officer, On 10-09-2021)<br>Last Updated By: A.C.Abdulla (Audit Officer, On 10-09-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 30-08-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 29-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 28-08-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sakeena K (Auditor, On 28-08-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sakeena K (Auditor, On 29-08-2021)<br>Last Updated By: Sakeena K (Auditor, On 29-08-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sakeena K (Auditor, On 29-08-2021)<br>Last Updated By: Sakeena K (Auditor, On 29-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sakeena K (Auditor, On 13-09-2021)<br>Last Updated By: Sakeena K (Auditor, On 13-09-2021) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sakeena K (Auditor, On 29-08-2021)<br>Last Updated By: Sakeena K (Auditor, On 08-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./തിയ്യതി |
|---|---|
| 1 (1)/14-02-19 | 1(1)/07-03-20 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 13.05.2020 | - | - |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 8382845 |
| വരവ് | 49011158 |
| ആകെ | 57394003 |
| ചെലവ് | 51514991 |
| നീക്കിയിരിപ്പ് | 5879012 |

### 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ. പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10470118 | 10470118 | 9090180 | 1379938 | 86 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8176059 | 8176059 | 5047123 | 3128936 | 62 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 157000 | 157000 | 0 | 157000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3251000 | 3251000 | 2414384 | 836616 | 74 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11295000 | 11295000 | 8127937 | 3167063 | 72 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8161012 | 8161012 | 6889845 | 1271167 | 85 |
| ബി ഫണ്ട് | 0 | 10393480 | 10393480 | 10393480 | 0 | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5412204 | 8368000 | 13780204 | 13310415 | 469789 | 97 |
| തൊഴിലുറപ്പ് പദ്ധതി | 5799 | 26265985 | 26271764 | 26271764 | 0 | 100% |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 64587012 | 142 | 40429261 | ০ | 86 | 61.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5779 | 1792422 | 1798201 | 1798201 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20099362 | 20099362 | 20099362 | 0 |

## 1-7 വിവിധ ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 188880 | 201 |
| കർഷകതൊഴിലാളി പെൻഷൻ | 1329000 | 157 |
| വിധവാപെൻഷൻ | 3243000 | 688 |
| വാർദ്ധക്യകാലപെൻഷൻ | 4321800 | 1281 |
| വികലാംഗപെൻഷൻ | 1186000 | 216 |
| വിവാഹ ധന സഹായം | 60000 | 2 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള ധന സഹായം | 64800 | 17 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-08-2021 ന് 12 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരുപ്പ് തുക 24580/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.
1. സ്റ്റോക്ക് രജിസ്റ്റർ , സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ,വാട്ടർ ടാപ്പ് രജിസ്റ്റർ എന്നിവ പൂർണ്ണമാക്കിയിട്ടില്ല.
2.കൃഷി ഓഫീസർ ,അസിസ്റ്റന്റ് എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.
4. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.പദ്ധതി രൂപീകരണത്തിനു മുമ്പ് ഒരു തവണ യോഗം ചേരുന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിൽ മാത്രമാണ്.
5. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.02 .2021 മുതൽ 16.02 .2021 വരെ | 4/2020മുതൽ 10/2020 വരെ | 16.02.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29-12-2016മുതൽ 7-01-2017 വരെ | 2011-12മുതൽ 2015-16വരെ | 27-02-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019--20 വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ഉണ്ട്.

1. വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | കുടിശ്ശിക | 0 | 17281 | 17281 |
| കളക്ഷൻ | തൻവർഷം | 2486836 | 2510598 | 23762 |
| | കുടിശ്ശിക | 17281 | 20302 | 3021 |
| ബാലൻസ് | തൻവർഷം | 133668 | 132233 | 1435 |

2. സംയുക്ത പ്രോജക്ടുകൾ ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയി തുക (B-4) നീക്കിയിരുപ്പുമായി (RP -40(B)) പൊരുത്തപ്പെടുന്നില്ല.

3. ലൈബ്രറി സെസ്സിനത്തിൽ ബുക്ക് ചെയ്ത തുക ക്രമ പ്രകാരമല്ല (B-15വസ്തുനികുതിയുടെ 5%).

4. Total Sanitation Campaign ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുക (B-4) നീക്കിയിരുപ്പുമായി (RP -40(B)) പൊരുത്തപ്പെടുന്നില്ല.

5. ബാലൻസ് ഷീറ്റിൽ Stock In Hand ഇനത്തിൽ 97893/-രൂപ ബുക്ക് ചെയ്തിട്ടുണ്ട്. സ്റ്റേഷനറി ഇനത്തിലെ നീക്കിയിരുപ്പുകൾ Stock In Hand ഇനത്തിൽ ബുക്ക് ചെയ്തത് ക്രമ പ്രകാരമല്ല.

6. ആസ്തികളുടെ മൂല്യം ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7. ചെലവുകൾ സാംഖ്യയിൽ ബുക്ക് ചെയ്യുന്നതിന് മുമ്പ് ചെലവ്(ചെക്ക് നമ്പർ 12770,22216,22213 Etc) ചെയ്യുന്നു

8. B-4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

9. കാലാഹരണപ്പെട്ട ഡെപ്പോസിറ്റുകൾ [B7] ബാധ്യതയിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

10. വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് (എസ്.സി.പി.) എന്നീ ഇനങ്ങളിലെ ചെലവ് എ.സി.ആർ. പ്രകാരമുള്ള തുകയും ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ( Source Deduction കുറവ് ചെയ്തിട്ടില്ല)

## 1-12 തനതുഫണ്ട് അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തത് സംബന്ധിച്ച്

വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യണമെന്നിരിക്കെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് അക്കൗണ്ടിൽ (കേരള ഗ്രാമീണ ബാങ്ക് കിഴിശ്ശേരി അക്കൗണ്ട് നമ്പർ.40113100114272) നിന്നും പണം പിൻവലിക്കുന്നത് യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് ദിവസങ്ങൾക്കു ശേഷമാണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. . ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ / തിയ്യതി | തുക | അക്കൗണ്ട് ചെയ്യേണ്ട തിയ്യതി | അക്കൗണ്ട് ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | 12770/2-4-19 | 135550 | 2-4-19 | 3-4-19 |
| 2 | 22216/13-5-19 | 46184 | 13-5-19 | 15-5-19 |
| 3 | 22213/13-5-19 | 1040 | 13-5-19 | 15-5-19 |
| 4 | 22217/13-5-19 | 7038 | 13-5-19 | 15-5-19 |
| 5 | 6762703/3-6-19 | 132570 | 3-6-19 | 17-6-19 |

ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് (5/19-20തീ 6-9-21)ജോലിത്തിരക്കുകൾ കാരണം ചെലവുകൾ യഥാസമയം രേഖപ്പെടുത്താൻ

കഴിഞ്ഞില്ലെന്ന മറുപടിയാണ് നൽകിയത് . ആയത് അംഗീകരിക്കാവുന്നതല്ല. വരവ് ചെലവ് കണക്കുകൾ അതാത് ദിവസം തന്നെ അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ ,അപേക്ഷ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 1 | Engineers Interlock And Hollobricks,Mundakkulam | 7 |
| 2 | 6 | VKH ഹോളോബ്രിക്സ് സ്റ്റോൺ ക്രഷർ,വെട്ടുകാട് | 3 |
| 3 | 13 | എ.എം.എസ് ഫർണിച്ചർ ഇൻറീരിയർ മിറ്റോവുഡ് എൽ. എൽ.പി | 5 |
| 4 | 15 | നജ്മ ട്രേഡിംഗ് കമ്പനി,മുണ്ടക്കുളം | 2 |
| 5 | 17 | പാറക്കുളങ്ങര വുഡ് ഇൻഡസ്ട്രീസ്,മുതുവല്ലൂർ | 3 |
| 6 | 19 | ഹെൽത്ത് ഇൻഡക്സ് മെഡിക്കൽ ലാബ്,വിളയിൽ | 2 |
| 7 | 20 | ക്ളാസിക് ഇൻറീരിയേഴ്സ് ,മുണ്ടക്കുളം | 3 |
| 8 | 21 | എവർ ഫ്രഷ് ഓർഗാനിക് സൊലൂഷൻസ്,മുണ്ടക്കുളം | 5 |
| 9 | 50 | അഡ് ലി ക്ലേവർക്കേർസ്, ഒന്നാം മൈൽ | 2 |
| 10 | 60 | ഹൈലൈഫ് ബിൽഡിംഗ് പ്രൊഡക്ട്,മൂച്ചിക്കൽ. | 8 |
| 11 | 66 | സാസ് ഓട്ടോ ഗാരേജ്,വെട്ടുകാട് | 5 |
| 12 | 110 | പ്രശാന്തി ആയുർവ്വേദിക് &ട്രീറ്റ്മെന്റ് സെൻറ്റർ,വിളയിൽ | 10 |
| 13 | 114 | ഷെരീഫ് ഇൻറർ ലോക്ക് &ടൈൽസ്,പോത്തുവെട്ടിപ്പാറ | 4 |
| 14 | 120 | തെറ്റത്താ ഡീഫൈബറിംഗ് മിൽ,മുതുപറമ്പ് | 3 |
| 15 | 130 | ആണിനിർമ്മാണ യൂണിറ്റ്,,AV&AJ Associate,വിളയിൽ | 4 |

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി നമ്പർ 20/06.09.2021] സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി വിജ്ഞാപനം പുതുക്കിയില്ല

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2) വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടുണ്ട്.
എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള കെട്ടിടങ്ങളുടെ ഗണങ്ങളുള്ള പട്ടികയിൽ മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനു വിശദീകരണം ചോദിച്ചുകൊണ്ട് കൊടുത്ത ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം

4/06-09-2021), സർക്കാർ ഉത്തരവിൽ പരാമർശിച്ച ഗണത്തിൽ ഉൾപ്പെട്ടവകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ പുരോഗതി വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ ഡി & ഒ ലൈസൻസ് അനുവദിച്ചു - വസ്തു നികുതി കുറവ്

2019-20 ലെ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ഡി & ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ, ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | ഡി & ഒ ലൈസൻസ് നമ്പർ | അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ | ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനം | സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ ഉടമ, തരം |
|---|---|---|---|---|---|
| 1 | 50 | 1252/19-20 | 9/202A | അഡ്ലി ക്ലേ വർക്ക്സ് | കരീക്കുന്നൻ മുജീബ് റഹ്മാൻ (പാർപ്പിടം) |
| 2 | 15 | 745/19-20 | 15/242 | നജ്മ ട്രേഡിംഗ് കമ്പനി | പാമ്പോടൻ കദീജ (പാർപ്പിടം) |

പാർപ്പിടാവശ്യങ്ങൾക്ക് വേണ്ടി നികുതി നിർണ്ണയിച്ച നൽകിയ കെട്ടിടങ്ങൾ തരം മാറ്റാതെ മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നുണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. ആയത് മൂലം വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാവുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ പരാമർശത്തിന് ലഭ്യമാക്കിയ മറുപടിയിൽ [ഓഡിറ്റ് എൻക്വയറി 03/2019-20, 06.09.2021] ഒക്യുപൻസി മാറ്റി നികുതി ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറഞ്ഞ തനതു വരുമാനം മാത്രമുള്ള പഞ്ചായത്തിൽ ഇത്തരത്തിലുള്ള വരുമാന ചോർച്ച ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗത്തിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കൾ 282 പ്രകാരം റവന്യൂ ഡെപ്പോസിറ്റുകൾ ഫേം പിരിയേഡ് കഴിഞ്ഞ് മൂന്ന് വർഷത്തിനകം ക്ലെയിം ചെയ്യേണ്ടതും, അല്ലാത്തപക്ഷം ആയത് കാലഹരണപ്പെടുന്നതും, തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതുമാണ്. എന്നാൽ വിവിധ ഇനങ്ങളിലായി പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതും, കാലഹരണപ്പെട്ടതുമായ റവന്യൂ ഡെപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.AFS പ്രകാരമുള്ള റവന്യൂ ഡെപ്പോസിറ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക |
|---|---|
| Contractors EMD | 47339 |
| Suppliers Security Deposit | 11130 |
| Contractors Retension | 6474 |
| Auction Deposit | 500 |
| Other Deposit | 16293 |
| Suppliers EMD | 70490 |
| Deposit Received From Others | 1000 |

മേൽ റവന്യൂ ഡെപ്പോസിറ്റുകളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2009-10 സാമ്പത്തിക വർഷം മുതലുള്ള ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ലെന്ന് കാണുന്നു. ആയത് മൂലം സ്ഥാപനത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ തെറ്റായ ബാധ്യതയാണ് രേഖപ്പെടുത്തുന്നത്. കാലഹരണപ്പെട്ട റവന്യൂ ഡെപ്പോസിറ്റുകൾ സമയ ബന്ധിതമായി തനത് ഫണ്ടിലേക്ക് മുതൽകൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/19-20 തീ 7-9-21) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല

2003കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളും മറ്റും പരിശോധിച്ചതിൽ ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചതായോ ബാങ്ക് അക്കൗണ്ട് തുടങ്ങിയതായോ കാണുന്നില്ല. ദുരിതാശ്വാസ നിധി രൂപീകരിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ലാതെ മറ്റൊരു ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാഹചര്യം ഇല്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (6/19-20 തീ 7-9-21) തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-18 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച്സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടിൽ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. .മരുന്നുകൾ വാങ്ങിയത് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നാണ്.

| പ്രോജെക്ട് നമ്പർ/ പേര് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ തുക | ബിൽ നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ ഇൻവോയ്സ് നമ്പർ്യ വില | | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|
| 9/19-20 പിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 4,00,000 രൂപ | 4/19-20 തി. 25.3.20 | 3,96,747രൂപ | 7775/15-10-20 51,030 രൂപ<br>7754/15-10-20 1,41,860 രൂപ<br>7084/4-6-21 67,527രൂപ<br>7083/4-6-21 1,36,330 രൂപ<br>ആകെ 3,96,747രൂപ | 3253 രൂപ |
| ആകെ | | | | | 3253 രൂപ |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ സത്വര നടപടികൾസ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 1/31-8-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 ഇ ടെണ്ടറിൽ ടെണ്ടർ ഫീ- ലഭ്യമാക്കിയില്ല.

2019-20 വർഷത്തിൽ പഞ്ചായത്തിൽ 36 പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ ടെണ്ടറുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ

അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. മേൽതുകകൾ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2019-20 സാമ്പത്തിക വർഷത്തിൽ 86350/- രൂപ ഇ ടെണ്ടറിൽ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുണ്ട്. ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനിയർ 2019-20 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, പദ്ധതി നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1. പദ്ധതി രൂപീകരണം - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കുന്നില്ല.

പദ്ധതി രൂപീകരണ പ്രക്രിയയുടെ പ്രധാന ഭാഗമായ വർക്കിംഗ് ഗ്രൂപ്പ് ശരിയായി പ്രവർത്തിച്ചതായി കാണുന്നില്ല. മുൻ വർഷം നടപ്പാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച വിലയിരുത്തലോ, പുതുതായി നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച ചർച്ചകളോ നടന്നിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിന്റെ തീരുമാനങ്ങൾ മിനട്സിൽ അപൂർണ്ണമായാണ് രേഖപ്പെടുത്തിയത്

2. പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ 144 പ്രൊജക്ടുകളാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 81 പ്രൊജക്ടുകളാണ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 144 | ആകെ അടങ്കൽ | 31239679 |
| നടപ്പിലാക്കിയത് | 81 | ചെലവ് | 17875547 |
| ശതമാനം | 56 | ചെലവ് ശതമാനം | 57 |

പകുതിയോളം പ്രൊജക്ടുകളും നിർവ്വഹണം നടത്താൻ കഴിയാത്തത് മൂലം സാമ്പത്തിക വർഷത്തിൽ ഉൽപ്പാദന, സേവന, പശ്ചാതല മേഖലയിലെ അടിസ്ഥാന സൌകര്യങ്ങൾക്ക് ഉപയോഗിക്കേണ്ട 1.78 കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. പദ്ധതികളുടെ എണ്ണക്കൂടുതൽ മൂലമാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3. റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്. റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിന്റെ പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കളക്ഷൻ ചാർജ്ജ് ഈടാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും

ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് - രേഖകൾ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം 23098/-രൂപ വീതം അടവാക്കി വരുന്നുണ്ട്.

തെരുവ് വിളക്കിന് മീറ്റർ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (9/19-20 തീ 7-9-21) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 31-8-2021 മുതൽ 1-9-21 വരെ | കെ.എസ്.എ.എം.പി.എം.9/1448/2021 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 400000 | പ്രൊജക്ട് നമ്പർ: 239/20 ലൈഫ് ഭവന പദ്ധതി-എസ്.സി | 400000 | 0 |
| | | 217600 | | 217600 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പ്രൊജക്ട് നമ്പർ: 15/20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 289204 | പ്രൊജക്ട് നമ്പർ:82/20 വികലാംഗ വിദ്യാർത്ഥി സ്കോളർഷിപ്പ്-ജനറൽ | 289204 | 0 |
| | | 302400 | പ്രൊജക്ട് നമ്പർ:134/20 ലൈഫ് ഭവന പദ്ധതി-എസ്.സി | 302400 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 141/20 കോട്ടാപറമ്പ് ഇമ്പിച്ചി റോഡ് കുടിവെള്ള പദ്ധതി | 21900654 തീയ്യതി 14-02-20 | 151560 | 151560 | പൂർത്തീകരിച്ച | ഠ |
| കേരള വാട്ടർ അതോറിറ്റി | 261/20മുണ്ടക്കുന്ന് ആയുർവ്വേദ ഡിസ്പെൻസറി പൈപ്പ് ലൈൻ | 21900493 തീയ്യതി 13-12-19 | 100000 | 100000 | പൂർത്തീകരിച്ച | ഠ |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 263/20ആയുർവ്വേദ ഡിസ്പെൻസറി കുഴൽ കിണറിന് മോട്ടോർ | 21900492 തീയ്യതി 13-12-19 | 98000 | 98000 | പൂർത്തീകരിച്ച | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (Sanctioned) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | ലൈഫ് മിഷൻ | GO(Rt)NO6105/2019 Dtd 1-8-2019 GO(Rt)10050/2019 Dtd 21-12-2019 | 370390 | 1348437 | 308823 | 0 | 1410004 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2019-20 വർഷത്തിൽ ലഭിച്ച 1920/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് 12/2019 | | 1920 | സുനിൽ കുമാർ(ക്ലർക്ക്) | 11902010265 തീയ്യതി 4-1-20 |
| | | | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തില മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1 | 2016-17 | അനുബന്ധം 3 | വസ്തുനികുതി സംബന്ധിച്ച് | 04.09.18 ലെ ബി4-3110/18 പ്രകാരം മറുപടി നൽകി |
| | 2-2 | | അനുബന്ധം 4 | തൊഴിൽനികുതി സംബന്ധിച്ച് | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

## എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 57394003 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51514991 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെവിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2008-09 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 1 |
| 2009-10,10-11 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 7 |
| 2011-12,2012-13 | എൽഎഫ്എം9/2781/2017 തി : 21-04-2018 | 2 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം9/2554/2018 തി : 6-03-2019 | 3 |
| 2015-16 | കെ.എസ്.എ.എം.പി.എം.9/2555/2018 തി: 07.03.2019 | 3 |
| 2016-17 | കെ.എസ്.എ.എം.പി.എം.9/2555/2018 തി: 30.03.2019 | 9 |
| 2017-18 | കെ.എസ്.എ.എം.പി.എം.9/2421/18 തി. 7.2.2019 | 12 |
| 2018-19 | കെ.എസ്.എ.എം.പി.എം.9/98/20തി. 24.4.2020 | 18 |

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്